PM ABHIM ന്റെ ഭാഗമായി 50 കിടക്കകളോട് കൂടിയ ക്രിട്ടിക്കൽ കെയർ ഹോസ്പിറ്റൽ ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് വേണ്ടി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**ബയോ സേഫ്റ്റി ലെവൽ III (BSL-III) ലാബ് സജ്ജമാക്കൽ**

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ബയോ സേഫ്റ്റി ലെവൽ III (BSL-III) ലാബ് നാല് മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഐസോലേഷൻ ബ്ലോക്ക്**

**തിരുവനന്തപുരം കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഐസോലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.**

**പാലിയേറ്റീവ് കെയർ യൂണിറ്റ്**

**2019 – ലെ കേരള സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് കെയർ നയപ്രകാരം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കണം എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കും.**

**ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി**

**സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ സേവന ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ Quality Improvement Initiative ആരംഭിച്ചു. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൈലറ്റടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക ടീമിനെ നിയോഗിച്ചു. പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. തുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. അപകടങ്ങളാലും രോഗങ്ങൾ ബാധിച്ചും അത്യാഹിത വിഭാഗത്തിലെത്തുന്നവർക്ക് സമയബന്ധിതമായി ഗുണമേന്മയുള്ള വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം.**

**National Programme for Control of Blindness & Visual Impairment (NPCB&VI)**

**സാധാരണക്കാർക്ക് സൗജന്യമായും കാലതാമസം കൂടാതെയും അന്ധത ബാധിച്ച നേത്രപടലം മാറ്റിവയ്ക്കുന്നതിനായി ഒരു കോർണിയ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് തുടങ്ങുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ പൂർത്തിയായി വരുന്നു.**

**തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് പഞ്ചകർമ്മ ആശുപത്രി പൂജപ്പുരയിൽ ക്യാമ്പസിൽ പാരാസർജ്ജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും, ഒഫ്ത്താൽമോളജി സെന്ററും ഉൾപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**

**എല്ലാ ആയുഷ് സ്ഥാപനങ്ങളിലും സേവന ഗുണനിലവാരവും ഭൗതിക നിലവാരവും വർദ്ധിപ്പിക്കുന്നതിനായി ആയുഷ് IPHS/NABH പദ്ധതി നടപ്പിലാക്കുന്നതാണ്. ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളിൽ NABH നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള 450 സ്ഥാപനങ്ങൾ കൂടി NABH നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതാണ്. സംയോജിത ആയുഷ് ആശുപത്രികളുടെ പൂർത്തീകരണം, ആയുഷ് ആശുപത്രി/ഡിസ്പെൻസറി/വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ അപ്ഗ്രഡേഷൻ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതാണ്. കായകൽപ്പ് അവാർഡ് രണ്ടാം ഘട്ടം**

**നടപ്പിലാക്കുന്നതാണ്. ആയുഷ് യോഗാ ക്ലബുകൾ സംസ്ഥാനത്തെ മുഴുവൻ വാർഡുകളിലേക്കും വ്യാപിപ്പിക്കും. അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രവുമായി ചേർന്ന് ആയുർവേദ അറിവുകളിൽ അധിഷ്ഠിതമായതും നിലവിലുള്ള രോഗാതുരത ലഘൂകരിക്കുന്നതിനും ഉതകുന്ന പൊതുജനാരോഗ്യ പദ്ധതികൾ വികസിപ്പിച്ച് നടപ്പിലാക്കും. ട്രഡീഷണൽ മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കേരള വഴി പാരമ്പര്യ അറിവുകൾ സംരക്ഷിക്കുന്നതിനും ക്രോഡീകരിക്കപ്പെട്ട അറിവുകൾ മുഖ്യധാരയിലെത്തിക്കുന്നതിനും അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ സഹകരണത്തോടെ പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കും.**

**(സി)** സർക്കാർ സ്വകാര്യ മേഖലകളിൽ കൂടുതൽ ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് സർക്കാർ സ്വകാര്യ മെഖലകളിൽ ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും, കോഴ്സുകളും അനുവദിക്കുന്നതിനായി ലഭിക്കുന്ന പ്രൊപ്പോസലുകൾ നാഷണൽ മെഡിക്കൽ കമ്മീഷൻ, ദന്തൽ കൗൺസിൽ, പാരാമെഡിക്കൽ കൗൺസിൽ എന്നിവർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി അതാത് മേഖലകളിലെ ആവശ്യകതകൾ പരിഗണിച്ച് അനുമതി നൽകി വരുന്നു.

**(ഡി)** സർക്കാർ - സ്വകാര്യ ആശുപത്രികളിൽ വിവിധ രോഗങ്ങൾക്കും ശസ്ത്രക്രിയകൾക്കും നിരക്ക് ഏകീകരണം നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ?

**മറുപടി:** സംസ്ഥാനത്തെ ആശുപത്രികളിൽ ഏകീകൃത നിരക്ക് നിർണ്ണയ സംവിധാനം രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിച്ച് സ.ഉ (സാധാ) നം.4008/2025/H&FWD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

